

ഫോട്ടോ : എൻ.എ. നസീർ

# ഷോലക്കാട്ടിലെ വിസ്മയങ്ങൾ തേടി

എൻ.എ. നസീർ

"ഒരു മഹാവൃക്ഷത്തിന്റെ ചോട്ടിൽ വന്നുനിൽക്കുമ്പോഴാണ് നാം എത്ര നിസ്സാരരാണ് എന്ന സത്യം ബോധ്യമാകുന്നത്. അനേകം ജന്തുപക്ഷിജാലങ്ങൾക്കും സൂക്ഷ്മജീവികൾക്കും ജീവനായി, നമ്മൾക്ക് ജീവജലവും ജീവവായുവും നൽകി, അതിനെ താങ്ങി നിർത്തുന്ന ഭൂമിക്ക് തണലായി അതങ്ങനെ വർത്തിക്കുന്നു....

നമ്മളോ?"

✶ ✶ ✶ ✶ ✶ ✶ ✶ ✶ ✶ ✶ ✶ ✶ ✶

അതെ, ഞാനപ്പോൾ മൂന്നാറിനടുത്തുള്ള 'പാമ്പാടുംഷോല' നാഷണൽ പാർക്കിലായിരുന്നു. എന്റെ മുന്നിൽ ഷോലക്കാടിന്റെ വിസ്മയിപ്പിക്കുന്ന സൗന്ദര്യം 'ബന്തറവുമല'യുടെ ഉച്ചിവരെ പടർന്നങ്ങനെ കിടക്കുകയാണ്. അല്ല, ഒരു നനവാർന്ന ഭിത്തിയിൽ പായൽ പിടിച്ചിരിക്കുന്ന പോലെയാണ് ആ കാഴ്ച ഒറ്റനോട്ടത്തിൽ. എന്തൊരു മോഹിപ്പിക്കുന്ന കാഴ്ചയാണിത്! ഒരു വിടവുപോലും നല്കാതെ വൃക്ഷങ്ങൾ പരസ്പരം പടർന്നു പിടിച്ചങ്ങനെ നിൽക്കുകയാണ്.

പച്ചയുടെ എത്ര നിറഭേദങ്ങൾ നിങ്ങൾ കണ്ടിരിക്കും? ഒരായിരം നിങ്ങൾക്കിവിടെ തിരിച്ചറിയുവാനാകും.

ഒരു വൃക്ഷത്തെ തന്നെ എടുത്താൽ എത്ര പച്ചനിറങ്ങളാണ്! പുതുനാമ്പ് ഒരു പച്ച, തളിരില ഒരു പച്ച, അതിനു താഴിയില ഒരു പച്ച, മൂപ്പെത്തിയ ഇല ഒരു പച്ച, പൊഴിയുവാൻ പോകുന്നയില പച്ച കലർന്ന ഏതെങ്കിലും നിറം. അങ്ങനെ ആ വൃക്ഷം ആകെ നോക്കിയാൽ വേറൊരു പച്ച. ഇത് ഒരു വൃക്ഷത്തിന്റെ മാത്രം കാര്യം ഇത്തരത്തിൽ എത്രായിരം വൃക്ഷങ്ങൾ നിറഞ്ഞതാണി ഷോല.

'സർ നമ്മൾക്ക് കയറാം' ഗൈഡായ മനോ പറഞ്ഞു.

'വേണ്ട മനോ' ഞാൻ വിലക്കി. അതെ, എത്രയോ വട്ടം ഈ ഷോലയിലൂടെ ബന്തറവുന്റെ മുകളിലേക്ക് കയറുവാൻ ഞാൻ എത്തിയിരിക്കുന്നു. ഇവിടെ ഈ പുൽപ്പരപ്പിൽ കിടന്നു ഈ മോഹിപ്പിക്കുന്ന കാഴ്ചയിലേക്ക് നോക്കുമ്പോൾ മനസ്സ് ചോദിക്കും. എന്തിനാണ് ഇത്രയും കൊഴുത്തിരുണ്ടതും ജീവസ്സുറ്റതുമായ ജൈവമേഖലയിൽ നിന്റെ കാലെടുത്തു കുത്തി അശുദ്ധമാക്കുന്നത്? ഈ ചോദ്യം ഇവിടെ കയറുന്നതിൽനിന്നും എന്നെ എപ്പോഴും തഴഞ്ഞുകൊണ്ടിരുന്നു.

ഈ മനോഹരഷോല നാഷണൽ പാർക്കായി പ്രഖ്യാപിച്ചതിൽ ഞാനും മനോവും ഏറെ സന്തോഷി

ച്ചു. പത്തുവർഷം മുമ്പെങ്കിലും ഈ പ്രഖ്യാപനം വരേണ്ടിയിരുന്നു. എങ്കിൽ എത്രയോ അപൂർവ്വ ജന്തുസസ്യജാലങ്ങളെ രക്ഷിക്കാമായിരുന്നു. ഇവിടെനിന്നും ബന്തറവു വഴി കൊടൈക്കനാലിലേക്ക് പോകുന്ന പഴയ കുതിര പാതയിൽ എപ്പോഴും ഒരു വലിയ കാട്ടുപോത്തിനെ കാണുമായിരുന്നു. 'ചുട്ടിമാട്' എന്നാണ് ടോപ്പ് സ്റ്റേഷനിലെ ജനങ്ങൾ പറയുന്നത്. നെറ്റിയിൽ നല്ല വെള്ള നിറമാർന്ന ഒരു കാട്ടുപോത്ത്. ഞാൻ എത്രയോവട്ടം തൊട്ടരുകിൽ നിന്നും വീക്ഷിച്ചിട്ടുണ്ടവനെ. പിന്നീടെപ്പെഴോ വേട്ടക്കാരുടെ തോക്കിനിരയായി എന്നാണറിഞ്ഞത്. അതുപോലെ മലയണ്ണാനുകൾ, മ്ലാവ്.... എന്നിട്ടും കുറേയൊക്കെ അവശേഷിച്ചു. 'നീലഗിരി മാർട്ടെൻ' (മറനായ്) നെ ഞാൻ ആദ്യമായി കണ്ടതും ഇവിടെ വച്ചാണ്. പതിനെട്ടുവർഷം മുമ്പ്. നിലത്ത് രണ്ട് കാലിൽ മാത്രം നിവർന്നുനിന്ന് അതെന്നെ നോക്കിയത് ഇന്നും ഓർമ്മയിൽ ഉണ്ട്. (അന്നൊക്കെ ക്യാമറയിൽ കമ്പം ഇല്ല. വെറുതെ മൗനങ്ങൾതോറും അലഞ്ഞുതിരിഞ്ഞങ്ങനെ നടക്കുകയാണ് പ്രധാന ഇഷ്ടം)

ഞാൻ ഷോലയിലേക്ക് തന്നെ നോക്കിക്കിടന്നു. മനോ എന്നെ നോക്കി ചിരിച്ചു. കൊടൈക്കനാൽ മുതൽ ടോപ്പ്സ്റ്റേഷൻ വരെ നീണ്ടുകിടക്കുന്ന ഈ 'പളനി ഹിൽസി'ൽ ഞാനും മനോവും ചെന്നുചേരാത്ത ഇടം അപൂർവ്വമായിരിക്കാം. കഴിഞ്ഞ 25 വർഷത്തെ പരിചയമാണ് മനോവിനെയും ഈ മലനിരകളേയും എനിക്ക്. എന്നിട്ടും എന്റെ ഇങ്ങോട്ടുള്ള ഓരോ വരവിലും രാവിലെ മുതൽ ഈ പുൽപ്പരപ്പിൽ വന്ന് ഷോലയിലേക്ക് ലയിച്ചങ്ങനെ ഇരിക്കും. ഓരോ വരവും പുതുഷോലയായി ഇത് എനിക്ക് മുന്നിൽ തെളിയും. മനോ ചിലപ്പോൾ തിരിച്ച് ടോപ്പ് സ്റ്റേഷനിലേക്ക് (മനോ ബന്തറവുന് തൊട്ടുതാഴെയുള്ള തമിഴ്നാട്ടിലെ ടോപ്പ് സ്റ്റേഷനിൽ താമസിക്കുന്നു. മനോവിനെ തേടി വിദേശികളായ ടൂറിസ്റ്റുകളാണ് ഏറിയതും എത്തുന്നത്. സ്വന്തം കൈരേഖ പോലെയാണീ പളനി ഹിൽസ് മനോവിന്) പോകും. ഞാൻ പിന്നീട് സൂര്യൻ മറയുമ്പോൾ തിരിച്ചുനടക്കും.

ഇപ്രാവശ്യം ഞങ്ങൾ ഷോലയിലൂടെ മുകളിലേക്ക് നടക്കുവാനായി വീണ്ടും എത്തിയതാണ്.

അതെ, ഇത്തരത്തിൽ വിശുദ്ധിയാർന്ന ഇടങ്ങളൊക്കെ നമ്മൾ ആദരപൂർവ്വം അകലെനിന്നും നോക്കിക്കാണുക മാത്രമാണു വേണ്ടതെന്നു എനിക്കുതോന്നുന്നു. അത് എന്തിന്റെ പേരിലായാലും അതിക്രമിച്ചു കടക്കുവാനുള്ളതല്ല.

ഞങ്ങൾ പഴയ കുതിരപാതയിലൂടെ ബന്തറവുന്റെ മുകളിലേക്ക് ചെല്ലാം എന്നു തീരുമാനിച്ചു അവിടെനിന്നും പിൻവാങ്ങി.

ഇത്തവണത്തെ എന്റെ ഈ വരവ് ഏറെ അപൂർവ്വമായ 'Dosky Striped Squirrel' എന്ന 'മൂക്കൻ അണ്ണാനെ' കണ്ടെത്തി ചിത്രമാക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു.

പഴയ കുതിരപാതയായിരുന്നെങ്കിലും കാലക്രമേണ ജീപ്പുപാതയായി, പിന്നീട് വർഷങ്ങളായി യാതൊരു വാഹനവും ഈ വഴി കടത്തിവിടാറുണ്ടായിരുന്നില്ല. വല്ലപ്പോഴും വനംവകുപ്പിന്റെ ജീപ്പ് പോയെങ്കിലായി. ഇലകൾ വീണും വൃക്ഷങ്ങളുടെ അഗ്രഭാഗങ്ങൾ പരസ്പരം കോർത്തും ചിലയിടങ്ങളിൽ ആ പാത ഒരു ഗുഹപോലെ തോന്നിച്ചു. ഇലകൾ ചീഞ്ഞ ഒരു പ്രത്യേക ഗന്ധം ഇടക്കിടെ ഉണ്ടായിരുന്നു. നിറയെ അട്ടകളും. വളഞ്ഞും കുത്തനെ കയറിയും ആ പാത ബന്തറവുന്റെ ഉച്ചിയിലേക്ക് നീണ്ടു. രണ്ട് മണിക്കൂർ കഴിഞ്ഞപ്പോഴേക്കും ഇടതുവശം പുൽമേട് പ്രത്യക്ഷപ്പെട്ടുതുടങ്ങിയ കാലിൽ കടിച്ചുതൂങ്ങിയ അട്ടകളെ പറിച്ചുകളയുവാൻ അല്പസമയം എടുത്തു. ഒരനക്കം കേട്ടപ്പോൾ ഞങ്ങൾ പുൽമേട്ടിലേക്ക് നോക്കി.

അവിടെ ഒരു കൊമ്പനാന പതുക്കെ വെളിയിലേക്ക് വരുന്നു. ഞങ്ങൾക്കവനെ നേരത്തെ തന്നെ നല്ല പരിചയം ഉണ്ട്. അതിന് ഞങ്ങൾ ഒരു പേരും നൽകിയിട്ടുണ്ട്.

'ഗുണ്ഡു മണി' (ഈ ഭാഗങ്ങളിൽ നാലുകൊമ്പന്മാരാണ് സാധാരണ കാണുക. അവയ്ക്കോരോന്നിനും ഓരോ പേരുകൾ ഞങ്ങൾ നൽകിയിട്ടുണ്ട്. മൂന്നാറും ബന്തറവുന്റെ വനാന്തരങ്ങളിലും അവയെ ചിലപ്പോഴൊക്കെ കാണാം) പേരുപോലെയാണ് ഇവന്റെ ആകാരവും. ഷോലകാടിന്റെ എല്ലാ പ്രൗഢിയും അവനുണ്ട്. ഇത്രമാത്രം വണ്ണംകൂടിയ ഒരാനയെ ഞാൻ കണ്ടിട്ടില്ല. പലപ്പോഴായി ഇതിനുമുമ്പ് ഇവന്റെ ചിത്രങ്ങൾ ഞാൻ പകർത്തിയിട്ടുണ്ട്. ഷോലകാടിന്റെ ജീവനുകൾ മറ്റുള്ള കാടുകളെ അപേക്ഷിച്ച് ഏറെ കരുത്തുറ്റവയാണ്.

ഞങ്ങൾ വീണ്ടും മുന്നോട്ട് നടന്നു. ഇപ്പോൾ പ്രധാന പാത വിട്ട് ഗ്രാസ്‌ലാന്റിലൂടെ ബന്തറുവിന്റെ മുകളിലെത്തി. ഇവിടെനിന്നും തമിഴ്നാടിന്റെ ബോഡി, തേനി, കമ്പം എല്ലാം കാണാം. മറുപുറം കേരളത്തിന്റെ ഭാഗം തേയിലകാടുകളും അതിനിടയിൽ കിടന്നു ശ്വാസംമുട്ടുന്ന ഷോലകാടുകളുടെ കൊച്ചു കൊച്ചു തുണ്ടുകളും. അങ്ങകലെ 'ഗുണ്ടളഡാം' കാണാം. 'മന്നവൻചോല'യും ചിലന്തിയാർ മുതുവകുടിയും....

ഇവിടെ ഗ്രാസ്‌ലാന്റിനു നടുവിൽ ചെറിയ ഒരു ചോലയും നീർച്ചാലും. ഞാൻ അങ്ങോട്ട് നടന്നു. മരകൊമ്പിലൂടെ മിന്നൽപോലെ ഒരണ്ണാൻ പാഞ്ഞു. ഞാൻ ക്യാമറ റെഡിയാക്കിയപ്പോഴേക്കും അതു മറഞ്ഞു. ഞാൻ താഴെ പുൽപ്പരപ്പിൽ ഇരുന്നു. തൊട്ടടുത്തായി ഒരു മുരിക്കുമരം പൂത്തുനിൽക്കുന്നു. പണ്ടെങ്ങോ ആരോ ക്യാമ്പ് ചെയ്തപ്പോൾ നാട്ടിയ കമ്പായിരിക്കാമത്. ഇപ്പോൾ അതിൽ നിറയെ പൂക്കളിൽനിന്നും തേൻ നുകരാനായി പക്ഷികൾ. 'വൈറ്റ് ഐ' സംഗീതാത്മകമായി ശബ്ദിച്ചുകൊണ്ടിരിക്കുന്നു. അതാ ഒരണ്ണാൻ ആ മുരിക്കിൽ. ഇത്തവണ ഞാൻ എന്റെ ലെൻസി

*(പേജ് 53 ൽ തുടർച്ച)*

ന് അവരെ പാലക്കാട് ജില്ലാ ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും അവർക്ക് ഒരു വിദഗ്ദ്ധ പരിശോധന ലഭിച്ചില്ല. സോറിയാസിസ് അവരുടെ പ്രത്യക്ഷത്തിലുള്ള ഒരുരോഗം മാത്രമായിരുന്നു. വയറിനകത്തെ കടുത്ത വേദനയും ആവർത്തിച്ചു വന്ന പനിയുംഒന്നും വേണ്ടരീതിയിൽ ചികിത്സിക്കപ്പെട്ടില്ല. അവസാന കാലത്ത് ഒരു സമരസഹായിയും ഇതിനായി താൽപര്യമെടുത്തില്ല. ദേശത്തെ ഒരു വിഭാഗം ആദിവാസി സ്ത്രീകളെ ഉപയോഗിച്ച് നടത്തിയ അപവാദ പ്രചാരണങ്ങളിൽ മനംനൊന്ത മയിലമ്മ വിജയനഗർ കോളനിവിട്ട് സർക്കാർപതിയിലേക്ക് പോയി. അവിടെ മകൻ മുരുകരാജിന്റെ വീട്ടിലായിരുന്നു മയിലമ്മയുടെ അന്ത്യം.

സോറിയാസിസ് ബാധിച്ച് മയിലമ്മ മരിച്ചു എന്നായിരുന്നു പല പത്രങ്ങളിലും വന്ന വാർത്ത. അവരുടെ പുറമേയുള്ള അസുഖങ്ങൾ മാത്രമാണ് ബാഹ്യശ്രദ്ധയിൽ വന്നത്. ആന്തരികമായ രോഗങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നില്ല. മയിലമ്മയുടെ കൂടെ ഡോക്ടർമാരെ കണ്ട എനിക്ക് ലഭിച്ച വിശദീകരണം സോറിയാസിസ് മാനസിക സംഘർഷത്തിൽനിന്നും വരുന്ന അസുഖമാണെന്നായിരുന്നു (മയിലമ്മയുടെ കാര്യത്തിൽ പ്രത്യേകിച്ചും) ഇത് യാഥാർത്ഥ്യമാണെങ്കിൽ മയിലമ്മയെ മാനസിക സംഘർഷത്തിലേക്ക് നയിച്ച പൊതുരംഗത്തെ വ്യക്തികളും സാഹചര്യങ്ങളും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. പ്ലാച്ചിമട സമരത്തിലെ ആഭ്യന്തരവൈരുദ്ധ്യങ്ങൾ മൂടിവെയ്ക്കാൻ നടത്തിയ ശ്രമങ്ങൾ തുറന്നുകാണിക്കേണ്ടതുണ്ട്. ആദിവാസി വിരുദ്ധതയുടെയും - സ്ത്രീ വിരുദ്ധതയുടെയും രാഷ്ട്രീയ-സാംസ്കാരികത അവിടെ മുൻകൈ നേടിയത് ഒട്ടുംതന്നെ അഭിലഷണീയമല്ല എന്നുമാത്രമല്ല അപകടകരമാണുതാനും.

പ്ലാച്ചിമടയിലെ കൊക്കകോള കമ്പനി വിതച്ച മാലിന്യങ്ങൾ (കോളനിയിലെ നിരോധിക്കപ്പെട്ട കിണറിലെ വെള്ളമായിരുന്നു അവർ രണ്ടുവർഷം കുടിച്ചത്) മയിലമ്മയെ ബാധിച്ചിരുന്നു എന്ന കാര്യം നിഷേധിക്കാനാവില്ല. അവസാനനാളുകളിൽ പൊടുന്നനെ വേണ്ടത്ര ചിന്തിക്കാതെ അവരെ തൃശൂർ മുളങ്കുന്നത്തുകാവിനടുത്ത തപോവൻ ആശ്രമത്തിലെ ചികിത്സയ്ക്ക് കൊണ്ടു പോകും മുമ്പ് ചികിത്സിച്ച സർക്കാർപതിയിലെ നാട്ടുവൈദ്യൻ പറഞ്ഞത് അവരുടെ ഉള്ളിൽ വിഷം പെട്ടിരിക്കുന്നു എന്നാണ് - എന്തായാലും അവസാനനാളുകളിലെ മയിലമ്മയുടെ ജീവിതവും അവരനുഭവിച്ച വേദനയും കണ്ടുനിൽക്കാൻ കഴിയാത്തവിധം അളവറ്റതായിരുന്നു.

നാട്ടുവൈദ്യനെ വിശ്വസിക്കാം - മയിലമ്മ മാലിന്യ ജലം കുടിച്ച് രോഗിയായതായിരിക്കാം. അങ്ങനെയെങ്കിൽ കോളകമ്പനി കാരണം വിഷം കുടിച്ചു രോഗിയായ മയിലമ്മ, ആദ്യകാലങ്ങളിൽ താൻ സ്നേഹവും ഭക്ഷണവും പരിചരണവും നൽകിയ സുഹൃത്തുക്കൾ പിന്നീട് തിരിച്ചുനൽകിയ വേദനതിന്നാണ് മരിച്ചത്.

മയിലമ്മക്കെതിരെയുള്ള ആസൂത്രിത നീക്കങ്ങളുമായി ബന്ധപ്പെട്ട് ഒരു വലിയ സമരത്തിലെ ചെറിയ മനുഷ്യരെയാണ് മറുഭാഗത്ത് അണിനിരത്താനുള്ളത്. നമുക്ക് കൊക്കകോള കമ്പനി പോലുള്ള വലിയ വിഷയങ്ങളിൽ മാത്രമാണ് താൽപര്യം. അവർക്കെതിരെയുള്ള സമരങ്ങളിലും ഇത്തരം വലിയ സമരങ്ങളുടെ മുന്നിൽ ഇന്ന് നിറഞ്ഞുനിൽക്കുന്ന ചെറിയ മനുഷ്യരെക്കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്. അത്തരം വ്യക്തികളും അവരുടെ നിലപാടുകളും പരിഹാരം ആവശ്യപ്പെടുന്ന വിഷയമാണ്.

പാമ്പലത്ത് വീട്, മുണ്ടുപറമ്പ പി.ഒ., മലപ്പുറം, 9388023166

---

## ഷോലക്കാട്ടിലെ വിസ്മയങ്ങൾ...

(50-ാം പേജിൽനിന്ന് തുടർച്ച)

ലൂടെ അതിനെ കണ്ടു. വീണ്ടും മറ്റൊന്നു കൂടി എത്തി. അതെ 'മൂക്കൻ അണ്ണാൻ' (ഡസ്കി ട്രൈപ്സ് സ്കിറൽ)

എലിയുടെ ഒരു സാദൃശ്യം - നമ്മുടെ നാടൻ അണ്ണാനേക്കാൾ അല്പം ചെറുത്. അതല്പം മുന്നോട്ട് തള്ളി നിൽക്കുന്നു! പൂക്കളിൽനിന്നും പൂക്കളിലേക്ക് നിരന്തരം പായുകയാണിവ. തേൻ ആണ് ലക്ഷ്യം.

ഒരു കാലത്ത് ഇവയെ ധാരാളമായി കണ്ടിരുന്നവയായിരുന്നുവെന്ന് മനോ പറഞ്ഞു. പിന്നീട് യൂക്കാലിപ്റ്റസ് തോട്ടങ്ങളും മറ്റും വന്നപ്പോൾ പലതും അപ്രത്യക്ഷമായി. പൂക്കളിലെ തേനും ചെറുപഴങ്ങളും ആണ് പ്രധാന ആഹാരം. ഇവയെക്കുറിച്ച് കാര്യമായ പഠനങ്ങൾ ഒന്നും ഇതുവരെ നടന്നിട്ടില്ല. ഞങ്ങൾ കുറച്ചു സമയം കൂടി അവിടെ ചിലവഴിച്ചുവെങ്കിലും അപ്പോഴേക്കും അങ്ങ് താഴെനിന്നും മൂടൽമഞ്ഞും കാറ്റും ഞങ്ങളെ മൂടി. ഞങ്ങൾ പതുക്കെ ബന്തറവുനോട് നന്ദി പറഞ്ഞ് തിരിച്ചിറങ്ങി.

നടുവിലകത്ത്, പള്ളിപോർട്ട്, എറണാകുളം

**ഉടൻ പുറത്തിറങ്ങുന്നു....**

**വിരുദ്ധാഹാരം ആയുർവേദത്തിലും പ്രകൃതി ചികിത്സയിലും**

**ഡോ. പ്രസാദ് എം., ഡേവിസ് വളർക്കാവ്**

ജാതകം ചേർച്ച വേണം.
കൂട്ടുകെട്ട് നന്നാവണം. ചേരുംപടി ചേർത്തെഴുതണം.
ഭക്ഷണത്തിലും ഇതുവേണം.
കൂട്ടുചേരേണ്ടവർ, ഒഴിവാക്കേണ്ടവർ എന്നത്
സൗഹൃദത്തിൽ മാത്രമല്ല ഭക്ഷണത്തിലും വേണം.
വേണ്ടാത്ത കൂട്ടുകെട്ട് ദോഷം ചെയ്യും.
ഭക്ഷണത്തിലെ ചേരാത്ത ചേരുവകൾ, ചേരുന്ന
ചേരുവകൾ എന്നിവയെക്കുറിച്ച് പറഞ്ഞ് തരുന്ന
മലയാളത്തിലെ ആദ്യ (ആരോഗ്യ) പുസ്തകം.
ഓരോ വീട്ടിലും ഉണ്ടായിരിക്കേണ്ട ഉത്തമ ഗ്രന്ഥം.
പേജ് 72, വില 40 രൂപ
പ്രസാധനം: **ആൾട്ടർമീഡിയ**
ബ്രഹ്മസ്വം മഠം ബിൽഡിംഗ്, എം.ജി. റോഡ്,
തൃശൂർ - 1, ഫോൺ: 0487 2422974